ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഡ്രഡ്ജിംഗ്, കോസ്റ്റൽ ഷിപ്പിംഗ്, പാസഞ്ചർ ഷിപ്പിംഗ് തുടങ്ങിയ മേഖലകളിലേക്ക് കൂടി ശ്രദ്ധപതിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനായുള്ള നടപടികൾ നടന്നുവരുന്നു. ഇതു കൂടാതെ ഒരു ഹൈസ്പീഡ് കറ്റമറാൻ സർവ്വീസ് ആരംഭിക്കുവാനും ടൂറിസം മേഖലയിലെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുവാനും കമ്പനി ശ്രമം തുടങ്ങിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കപ്പൽ സർവ്വീസ് ഒരു സംയുക്തസംരംഭമായി ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തിയായി വരുന്നു.

ഐ. ടി. പ്രൊഫഷണലുകൾക്ക് തൊഴിൽ

*15 [498] ശ്രീ. കെ. മുഹമ്മദാലി:
„ എം. മുരളി:
„ കെ. സി. ജോസഫ്:
„ ഡി. സുഗതൻ:
„ ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. ടി. പ്രൊഫഷണലുകൾക്ക് പരിചയം സമ്പാദിക്കുവാനുള്ള എന്തെല്ലാം സൗകര്യങ്ങളും അവസരങ്ങളുമുണ്ടായിട്ടുണ്ട്;

(ബി) ഇ-ഗവേണൻസ് നടപ്പാക്കുമ്പോൾ പ്രതിവർഷം എത്ര ഐ. ടി. പ്രൊഫഷണലുകൾക്ക് തൊഴിൽ കിട്ടാൻ സൗകര്യമുണ്ട് എന്ന് വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) സംസ്ഥാനത്ത് ഐ. ടി. പ്രൊഫഷണലുകൾക്ക് പരിചയം സമ്പാദിക്കുവാനുള്ള സൗകര്യത്തിനായി സോഫ്റ്റ്വെയർ കോമ്പിറ്റൻസി സെൻറർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്—കേരള എന്നീ സ്ഥാപനങ്ങൾ ടെക്നോപാർക്കിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ടെക്സ് യൂസേഴ്സ് ഗ്രൂപ്പുമായി ചേർന്ന് ഇലക്ട്രോണിക്സ് ടെക്സ്റ്റ് പ്രോസസിംഗ് പരിശീലനവും നടത്തുന്നുണ്ട്.

(ബി) ഇ-ഗവേണൻസ് പദ്ധതി, ഭരണ സംവിധാനം വേഗത്തിലും കാര്യക്ഷമമാക്കുന്നതിനും വേണ്ടിയാണ് നടപ്പിലാക്കുന്നത്. ഇതുമായി ബന്ധപ്പെടുത്തി പ്രത്യക്ഷമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുദ്ദേശിച്ചിട്ടില്ല. എന്നാൽ പരോക്ഷമായ തൊഴിൽ സാദ്ധ്യതകൾ ധാരാളം ഉണ്ടാകുവാനുള്ള അവസരമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly